
ഒരു ആര്യസമാജം പ്രസിദ്ധീകരണം RNI NO. KERMAL /2013/53849
Date of Publication 10/07/2014 REGISTERED NO. OTTAPALAM/5/2014-16



വൈദിക ഗുരുകുലം ഉദ്ഘാടന ചടങ്ങിൽ ഡോ. പി.കെ. മാധവൻ അദ്ധ്യക്ഷ ഭാഷണം നടത്തുന്നു. ഇടത്തുനിന്ന് സർവ്വശ്രീ. പ്രൊഫ. സരോജനി ശങ്കർ, ഡോ. പി.കെ. മാധവൻ, ബ്രഹ്മചാരി ധരംപാൽജി, വാനപ്രസ്ഥി ബലേശ്വർ മുനി, സ്വാമി പ്രണവാനന്ദ സരസ്വതി, വിനയ് ആര്യ, പ്രേംകുമാർ അറോറ എന്നിവർ.



ബ്രഹ്മചാരികളുടെ ഉപനയന സംസ്കാരം

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan
Email: dayanandasandesam@gmail.com Phone: 09562529095



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 2 ലക്കം 1

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ആഷാഢം – ശ്രാവണം
1189 മിഥുനം – കർക്കിടകം 2014 ജൂലൈ

വാർഷിക വരിസംഖ്യ: ₹60/- ദീർഘകാലം: ₹1000/-



## പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുൽ മഹാവിദ്യാലയത്തിലെ ബ്രഹ്മചാരികൾ ആചാര്യന്മാർക്കൊപ്പം

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

- ജൂലൈ 06 – ശ്യാം പ്രസാദ് മുഖർജി ജന്മദിനം
- ജൂലൈ 19 – മംഗൾ പാണ്ഡെ ജന്മദിനം
- ജൂലൈ 23 – ബാൽഗംഗാധർ തിലക് ജന്മദിനം
- ജൂലൈ 23 – ചന്ദ്രശേഖർ ആസാദ് ജന്മദിനം
- ജൂലൈ 31 – ഷഹീദ് ഉദ്ധംസിംഗ് രക്തസാക്ഷിദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം



*ഋഷിഃ മധുച്ഛന്ദാഃ ദേവതാ വിശ്വേ ദേവാഃ ഛന്ദഃ ഗായത്രി ഷഡ്ജഃ സ്വരഃ*

**വിശ്വേ ദേവാസോ അപ്തുരഃ സുതമാഗന്ത തൂർണയഃ ।**
**ഉസ്രാ ഇവ സ്വസരാണി ॥**

*(ഋഗ്വേദം 1.3.8)*

**പദാർത്ഥം:** അല്ലയോ (അപ്തുരഃ) മനുഷ്യരുടെ ശരീരത്തിനും വിദ്യയ്ക്കും ബലം നൽകുന്നവനും (തൂർണയഃ) ആ വിദ്യാ തുടങ്ങിയവയുടെ പ്രകാശന ത്തിന് ശീഘ്രത നൽകുന്നവരുമായ (വിശ്വേ ദേവാസഃ) പണ്ഡിതരേ! എങ്ങി നേയാണോ (സ്വസരാണി) ദിനത്തിന് പ്രകാശം നൽകാനായി സൂര്യകിരണ ങ്ങൾ (ഉസ്രാഇവ) എത്തുന്നത് അതേപോലെ നിങ്ങളും മനുഷ്യരുടെ സമീപം (സുതമ്) കർമ്മ ഉപാസനജ്ഞാനപ്രകാശനത്തിനായി (ആഗത) നിത്യവും വന്നുചേർന്നാലും.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണുള്ളത്. ഈശ്വരൻ ആജ്ഞ നൽകുന്നു. വിദ്യാ തുടങ്ങിയ ശുഭകർമ്മങ്ങളുടെ പ്രകാശനത്തിന് വിദ്വാൻമാർ അൽപ്പം പോലും അമാന്തവും ആലസ്യവും കാട്ടരുത്. സൂര്യൻ എങ്ങിനെ യാണോ പകൽ എല്ലായിടത്തും പ്രകാശം ചൊരിയുന്നത് അതേപോലെ വിദ്വാൻമാരും വിദ്യയുടെ പ്രകാശം സദാ ചെയ്തുകൊണ്ടിരിക്കണം.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*


## ദയാനന്ദ സന്ദേശം വൈദിക മാസിക



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
*ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch


*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*






# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

## വൈദിക–ദാർശനിക മാസിക

പുസ്തകം : 2 ലക്കം 1

**വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 51116 ആഷാഢം – ശ്രാവണം 1189 മിഥുനം – കർക്കിടകം 2014 ജൂലൈ**



**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ഋഗ്വേദപരിചയം | : | 7 |
| സംശയനിവാരിണി | : | 10 |
| ജീവിതം ഒരലയാഴി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വാർത്തകൾ | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph: 09562529095,**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### ദയാനന്ദ സന്ദേശം മൂന്നാം വയസ്സിലേക്ക്



ദയാനന്ദ സന്ദേശം മൂന്നാം വയസ്സി ലേക്ക് ഈ ലക്ക ത്തോടെ പ്രവേശി ക്കുകയാണ്. വേദ ജ്ഞാനത്തേ സാധാ രണക്കാരിലേക്കെത്തിക്കുക എന്നതി നോടൊപ്പം ഭാരതീയ സംസ്കൃതി യേയും ദേശഭക്തിയേയും പ്രോജ്ജ്വ ലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ പ്രസിദ്ധീകരണ ത്തിന് മാന്യവായനക്കാരിൽ നിന്നും വിശിഷ്ട വ്യക്തികളിൽ നിന്നും ലഭിച്ച പ്രോൽസാഹനങ്ങൾക്കും സഹായസ ഹകരണങ്ങൾക്കും ദയാനന്ദ സന്ദേശ ത്തിന്റെ നന്ദി ഇവിടെ പ്രകാശിപ്പിക്കു ന്നു. ഈ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ ദർശനവും നേതൃത്വവും നൽകിയി രുന്ന വേലായുധ ആര്യ ഇന്ന് നമ്മോ ടൊപ്പമില്ല. ഇഹലോകവാസം വെടിയു ന്നതിന് ഒരാഴ്ച മുമ്പ് അദ്ദേഹത്തേ ചെന്നു കണ്ട അവസരത്തിൽ മാസിക

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

യുടെ ഉള്ളടക്കവും പേജുകളും വർദ്ധിപ്പിച്ച് പ്രചാരം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നി പറഞ്ഞിരുന്നു. വിരലിലെണ്ണാവുന്ന ഏതാനും പേരുടെ കഠിനാധ്വാനം മൂലമാണ് ഇന്നീ കാണുന്നതരത്തിലെത്തിയത്. വായനക്കാരുടെ അകമഴിഞ്ഞ പ്രോൽസാഹനമായിരുന്നു മുന്നോട്ട് നീങ്ങാൻ ശക്തി നൽകിയത്.

ഇന്ന് വേദധർമ്മികൾ എന്നറിയപ്പെടുന്ന ബഹുഭൂരിപക്ഷം ജനത ഒരു നിർണ്ണായകകാലഘട്ടത്തിലൂടെ കടന്നു പോവുകയാണ്. നമ്മുടെ അടിവേരായ വേദങ്ങളെ തഴഞ്ഞ് നവീനങ്ങളും അനാർഷവുമായ ആചാരാനുഷ്ഠാന പദ്ധതികളിൽ വശംവദരായി അനൈക്യത്തിലും സാമ്പത്തികദുരിതങ്ങളിലും അകപ്പെട്ട് കൂട്ടത്തോടെയുള്ള മതംമാറ്റ ശ്രമങ്ങളെ ചെറുക്കാൻ കെൽപ്പില്ലാത്തവരുമായി തീർന്നിരിക്കുന്നു. വേദാനുകൂലമായ പഠന-പാഠനപദ്ധതിയും അഗ്നിഹോത്ര-ഷോഡശക്രിയാദികളും ചിട്ടയോടെ നടന്നിരുന്ന ആര്യാവർത്തം കുരുക്ഷേത്രയുദ്ധകാലം വരെ വിശ്വഗുരുവും ലോകത്തിന്റെ ശ്രീകോവിലുമായിരുന്നു. പക്ഷെ ഇന്നു നാം തികച്ചും അവഗണിക്കപ്പെട്ട ജനതയായിരിക്കുന്നുവെന്നതല്ലേ വാസ്തവം?

ഈ വെല്ലുവിളികളെ നേരിടാൻ മഹർഷി ദയാനന്ദൻ മുന്നോട്ട് വച്ച 'വേദങ്ങളിലേക്ക് മടങ്ങുക' എന്ന ആഹ്വാനം മാത്രമേ ഉപകരിക്കൂ. മഹർഷിയുടെ സന്ദേശം അഥവാ ദയാനന്ദ സന്ദേശം എല്ലാ വിഭാഗക്കാരിലുമെത്തിക്കുക എന്നുള്ള യജ്ഞത്തിന് എല്ലാ സജ്ജനങ്ങളുമായും ആശീർവ്വാദവും സഹകരണവും തുടർന്നുമുണ്ടാവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ. 'ലോകത്തേ ശ്രേഷ്ഠമയമാക്കുക' എന്ന വേദവാണിയേ നമുക്ക് സർവ്വത്ര പ്രചരിപ്പിക്കുമാറാകട്ടെ.

പത്രാധിപർ

## സത്യാർത്ഥ പ്രകാശം

ഈ യുഗത്തിൽ ദിവ്യാത്ഭുതങ്ങളെ വെല്ലുവിളിച്ച ഒന്നാമത്തെ കൃതി സത്യാർത്ഥ പ്രകാശമാണ്. തർക്കത്തിന്റെ തുലാസിൽ യുക്തിയുടെ തൂക്കുകട്ടികൊണ്ട് മതവിശ്വാസങ്ങളുടെ സത്യത്തിന്റെ തൂക്കമെത്രയെന്ന് നിർണ്ണയിച്ച് സ്വന്തം മതത്തിന്റെയും അന്യമതങ്ങളുടേയും കടയിളക്കികളപറിച്ച് വളമിട്ടുകൊടുത്ത ലോകത്തിലെ പ്രഥമ ചിന്തകനാണ് മഹർഷി ദയാനന്ദ സരസ്വതി.


*പ്രൊഫസർ രാജേന്ദ്ര ജിജ്ഞാസു*

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ. എം. രാജൻ*

### പാഠം- 4  പഞ്ചമഹായജ്ഞങ്ങൾ, സംസ്കാരങ്ങൾ, പർവ്വങ്ങൾ (ഉൽസവങ്ങൾ)

***ചോദ്യം: ശാസ്ത്രങ്ങളിൽ എത്ര സംസ്കാരങ്ങളാണ് പറഞ്ഞിരിക്കുന്നത്? അവയുടെ ഉദ്ദേശമെന്താണ്?***

***ഉത്തരം:*** ശാസ്ത്രങ്ങളിൽ 16 സംസ്കാരങ്ങൾ പറഞ്ഞിട്ടുണ്ട്. ഗർഭാവസ്ഥ മുതൽ മരണം വരെ ശരീരം, മനസ്സ്, ആത്മാവ് എന്നിവയ്ക്ക് ഉത്തമസംസ്കാരം അഥവാ പ്രഭാവം നൽകി കർത്തവ്യബോധമുള്ളവരാക്കി മനുഷ്യർക്ക് സർവ്വപ്രകാരത്തിലുമുള്ള ഉന്നതിയുണ്ടാവാൻ സഹായിക്കലാണിത്.

***ചോദ്യം: ഈ 16 സംസ്കാരങ്ങൾ ഏതെല്ലാമാണ്? അവ അനുഷ്ഠിക്കേണ്ട സമയങ്ങൾ എപ്പോഴാണ്?***

| സംസ്കാരം | | സമയം |
|---|---|---|
| 1. ഗർഭാധാന സംസ്കാരം | : | ഏറ്റവും ചുരുങ്ങിയത് പുരുഷന്മാർക്ക് 25 വർഷവും സ്ത്രീകൾക്ക് 16 വർഷവും പൂർത്തിയായ ശേഷം അവരുടെ വിവാഹാനന്തരം സത്സന്താനലബ്ധിക്കായാണിത് ചെയ്യുന്നത്. |
| 2. പുംസവന സംസ്കാരം | : | ഗർഭത്തിനുശേഷം രണ്ടാമത്തേയോ മൂന്നാമത്തേയോ മാസത്തിൽ. |
| 3. സീമന്തോന്നയന സംസ്കാരം | : | ഗർഭാനന്തരം 4, 6, 8 എന്നീ മാസങ്ങളിൽ. |
| 4. ജാതകർമ്മ സംസ്കാരം | : | കുഞ്ഞിന്റെ ജനനം നടന്നയുടൻ. |
| 5. നാമകരണ സംസ്കാരം | : | 11-ാം ദിനം, 101-ാം ദിനം അല്ലെങ്കിൽ രണ്ടാം വയസ്സിന്റെ ആരംഭത്തിൽ. |
| 6. നിഷ്ക്രമണ സംസ്കാരം | : | നാലാം മാസത്തിൽ. |
| 7. അന്നപ്രാശന സംസ്കാരം (ചോറൂണ്) | : | ആറാം മാസത്തിൽ. |

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40-2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

| | | |
|---|---|---|
| 8. ചൂഡാകർമ്മ സംസ്കാരം | : | ഒരു വർഷത്തിനുശേഷമോ 3 വർഷ ശേഷമോ. |
| 9. കർണ്ണവേധ സംസ്കാരം | : | മൂന്നാമത്തേയോ അഞ്ചാമത്തേയോ വയസ്സിൽ. |
| 10. ഉപനയന സംസ്കാരം | : | എട്ടുവയസ്സിനും 12 വയസ്സിനുമിടയിൽ. |
| 11. വേദാരംഭ സംസ്കാരം | : | എട്ടുവയസ്സിനും 12 വയസ്സിനുമിടയിൽ. |
| 12. സമാവർത്തന സംസ്കാരം | : | സാധാരണഗതിയിൽ 25-ാം വയസ്സിൽ. |
| 13. വിവാഹ സംസ്കാരം | : | ഏറ്റവും ചുരുങ്ങിയത് പുരുഷൻമാർക്ക് 25 വയസ്സും സ്ത്രീകൾക്ക് 16 വയസ്സും. |
| 14. വാനപ്രസ്ഥ സംസ്കാരം | : | 50 വർഷത്തിനുശേഷം സന്താനത്തിന് സന്താനമുണ്ടായതിനു ശേഷം. |
| 15. സന്യാസ സംസ്കാരം | : | പൂർണ്ണ വൈരാഗ്യം ദൃഢമാവുമ്പോൾ അഥവാ 70 വയസ്സായതിനുശേഷം. |
| 16. അന്ത്യേഷ്ടി സംസ്കാരം | : | മരണത്തിനുശേഷം ഉടൻ. |

***ചോദ്യം: 16 സംസ്കാരങ്ങളുടെ വിഷയത്തിൽ പ്രാമാണികമായുള്ള ഇപ്പോൾ ലഭ്യമായ ഗ്രന്ഥമേതാണ്?***

**ഉത്തരം:** ഈ 16 സംസ്കാരങ്ങളേകുറിച്ച് 'സംസ്കാര വിധി' എന്ന പുസ്തകം ലഭ്യമാണ്. വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ഗൃഹ്യസൂത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഋഷി ദയാനന്ദൻ സാധാരണക്കാർക്ക് മനസ്സിലാവുന്ന വിധത്തിൽ തയ്യാറാക്കിയതാണിത്.

***ചോദ്യം: ആര്യന്മാർക്ക് ഏതെങ്കിലും പർവ്വങ്ങൾ അഥവാ ഉൽസവങ്ങൾ ആഘോഷിക്കേണ്ടതായുണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്?***

**ഉത്തരം:** 'പർവ്വ് പൂർണേ' എന്ന ധാതുവിൽ നിന്നാണ് 'പർവ്വ'മെന്ന ശബ്ദമുണ്ടാവുന്നത്. പൂരയതി ജനാൻ ആനന്ദേൻ അഥവാ ജനങ്ങളിൽ ആനന്ദത്തേ നിറയ്ക്കുന്നത് എന്നതാണിതിനർത്ഥം. അതിനാൽ മാനസികോല്ലാസത്തിനും മഹാപുരുഷന്മാരുടെ സ്മരണയ്ക്കും ഉത്സവങ്ങൾ ആഘോഷിക്കേണ്ടതാണ്. ഈ ആര്യപർവ്വങ്ങളിൽ നവസംവത്സരോത്സവം അഥവാ സംവത്സരേഷ്ടി, ശ്രീരാമനവമി, ശ്രീകൃഷ്ണ ജന്മാഷ്ടമി, വിജയദശമി (ദസറ), ഋഷി ദയാനന്ദ ബോധരാത്രി (ശിവരാത്രി) ഋഷി നിർവ്വാണോത്സവം (ദീപാവലി), പണ്ഡിറ്റ് ലേഖ്റാം തൃതീയ, വസന്തപഞ്ചമി, സീതാഷ്ടമി, ശ്രാവണി ഉപാകർമ്മം (1939 മുതൽ ഹൈദരാബാദ് സത്യാഗ്രഹസ്മൃതി ദിവസമായിത് ആഘോഷിക്കുന്നു) മകരസംക്രാന്തി എന്നിവ സവിശേഷതയുള്ളവയാണ്. ഇവയുടെ വിവരണം സാർവ്വദേശിക് ആര്യപ്രതിനിധി സഭ, ഡൽഹി പ്രസിദ്ധീകരിച്ച 'ആര്യ പർവ്വ പദ്ധതി' എന്ന പുസ്തകത്തിൽ നിന്നും ലഭിക്കും.

*(തുടരും)*

*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





*(മുൻ ലക്കത്തിന്റെ തുടർച്ച)*




## അദ്ധ്യായം 3
# അസ്യവാമീയ സൂക്തം

*(ഋഗ്വേദം 1-164)*

### വേദോപദേശം ചെയ്യുക

42. സമുദ്രം പോലെ വ്യാപിച്ചിരിക്കുന്ന ആകാശം-അതിൽ നവരത്നങ്ങൾ പോലെ പ്രകാശം പരത്തുന്ന വേദശബ്ദങ്ങൾ. ഈ വേദവാക്കുകളെ അറിയുന്നവർ രത്നങ്ങളെ കൈകാര്യം ചെയ്തു സ്വന്തമാക്കുന്നവരാകുന്നു. വേദവാണിയേ ശ്രവിക്കുന്നവർ, ഉപദേശം ചെയ്യുന്നവർ രണ്ടുകൂട്ടർക്കും വേദം ജീവൻ തരുന്നു. അവർക്കും താങ്ങും തണലുമായിരിക്കുന്നു.

### അഗ്നിഹോത്രം – യജ്ഞം ചെയ്യുക

43. വിദ്വാൻമാർ അഗ്നിഹോത്രം ചെയ്തു മേഘങ്ങളിൽ നിന്നും പൊടിയുന്ന മഴജലത്തേ ശുദ്ധമാക്കുന്നു. ജലം ശുദ്ധമാവുമ്പോൾ അത് കാരണം ഉണ്ടാകുന്ന സസ്യലതാവൃക്ഷാദികളും മറ്റും ശുദ്ധമാകുന്നു. എല്ലാവരേയും വേദം പഠിപ്പിച്ച് വേദാജ്ഞകൾ അനുസരിച്ച് ജീവിക്കാൻ മാർഗ്ഗനിർദ്ദേശം തന്നു മനുഷ്യരുടെ ആത്മാക്കൾ മാത്രമല്ല ശരീരവും മനസ്സും ശുദ്ധീകരിപ്പിക്കുക. സാധാരണ മനുഷ്യർ യജ്ഞത്തിന്റെ പുകയും തീയും മാത്രമേ കാണുന്നുള്ളു. പക്ഷെ യജ്ഞം ചെയ്യുന്നതു കൊണ്ടുണ്ടാകുന്ന ഫലങ്ങളേ അറിയുന്നവർ ജ്ഞാനികൾ തന്നെ. അഗ്നിഹോത്രം മൂലം ഭൂമി മുതൽ പരമാത്മാവ് വരെയുള്ള സർവ്വ വിഷയത്തേക്കുറിച്ചും ജ്ഞാനമുള്ളവരാണവർ.

44. മനുഷ്യരേ! നിങ്ങൾ വായു, സൂര്യൻ, ആകാശത്തിലേയും ഭൂമിയിലേയും വൈദ്യുതി എന്നിവ പോലെ വിദ്യ അഭ്യസിച്ചും അഭ്യസിപ്പിച്ചും ജ്ഞാനപ്രചാരം ചെയ്യുക. ആത്മാവിന്റെ സ്വരൂപത്തേ കണ്ണുകൾ കൊണ്ട് കാണാൻ കഴിയില്ല. അതേപോലെ ജ്ഞാനികളും അവരവരുടെ കർമ്മങ്ങളുടെ ഫലത്തേ

*ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)*
*സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.*

www.aryavaidyasala.com

Kottakkal
ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

**Our Branch Clinics across the country**

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





കാണാൻ കഴിവുള്ളവരല്ല. പക്ഷേ അവരവരുടെ കർമ്മങ്ങൾ ലോകത്തിന് ഉപകാരമാകുന്നു. അവർ ലോകർക്കുവേണ്ടിയാണ് ജീവിക്കുന്നത്. ഋതുക്കൾ വർഷത്തിന്റെ ഭാഗങ്ങളാകുന്നതുപോലെ കർമ്മങ്ങളിൽ വിനിയോഗിക്കപ്പെടുന്ന വിദ്യ മനുഷ്യരേ ജ്ഞാനികൾ-അജ്ഞാനികൾ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നു.

### ജ്ഞാനിയുടെ ലക്ഷണം

45. ഓം ചത്വാരി വാക് പരിമിതാ
പദാനി താനി വിദ്യുർ ബ്രാഹ്മണാ യേ മനീഷിണഃ |
ഗുഹാ ത്രീണി നിഹിതാ നേങ്ഗയന്തി
തുരീയം വാചോ മനുഷ്യാ വദന്തി || (1.164.45)

മനസ്സിനെ നിയന്ത്രിച്ചു വ്യാകരണത്തോടൊപ്പം വേദത്തേയും ബ്രഹ്മത്തേയും അറിയുന്ന ജ്ഞാനികൾ വാണിയേ പരിമിതപ്പെടുത്തി നാമം, ആഖ്യാതം, ഉപസർഗം, നിപാതം എന്നീ നാലുവിധമായി ശരിക്കും ഭാഗിച്ചിരിക്കുന്നു. ഇവയിൽ ആദ്യത്തേ മൂന്നും ജ്ഞാനമെന്നുള്ള ഗുഹയിൽ സ്ഥിരമായിരിക്കുന്നു. നാലാമത്തേതായ നിപാതത്തേ മാത്രമാണ് സാധാരണ മനുഷ്യർ വാക്കായി കരുതുന്നത്. വിദ്വാൻമാർ നാമം, ആഖ്യാതം, ഉപസർഗം, നിപാതം എന്നീ വാക്കിന്റെ നാലുവിധവും അറിയുകയും വ്യക്തമായി പറയുകയും എഴുതുകയും ചെയ്യുന്നു. ആശയത്തെ മുഴുവൻ ഗ്രഹിച്ച് പറയുവാൻ കഴിവുള്ളവർ വ്യാകരണജ്ഞാനമില്ലാത്ത സാധാരണ ജനങ്ങൾക്ക് ഇവ ഒരു പരിധി വരെ മാത്രമേ മനസ്സിലാക്കി കൊടുക്കാനാവൂ.

*(തുടരും)*

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504.**

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***

(മുൻ ലക്കത്തിന്റെ തുടർച്ച)

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**'അസ്തി ജ്യായാൻ കനീയസ ഉപാരേ'** (ഋഗ്വേദം 7.8.66). അതായത് ജ്യേഷ്ഠസഹോദരൻ (ഈശ്വരൻ) ഇളയ സഹോദരന്റെ (ആത്മാവ്) കൂടെ വസിക്കുന്നു. അതായത് ഈശ്വരനും ആത്മാവും ഒരുമിച്ച് ഹൃദയത്തിൽ വസിക്കുന്നു. പ്രമാണങ്ങൾ നോക്കുക.

അമർത്ത്യോ മർത്യാൻ ആവിവേശ (ഋഗ്വേദം 8.84.12). അമരനായ ആ പരമാത്മാവ് മനുഷ്യഹൃദയത്തിൽ വസിക്കുന്നു. (ഋഗ്വേദം 6.11.2, 10.82.7, 10.177.3, 10.181.2, 8.39.6, 10.135.7, 9.64.8, 10.124.2, 1.31.2, 9.68.5, 10.114.4, 5.11.6, 9.69.6, 10.43.6, 6.45.4, 10.177.3, 1.164.31, 9.96.5, 1.22.21, 4.2.1, 7.86.6, 6.11.2, 10.82.7)

അഥർവ്വവേദം 18.9.4 ൽ പറയുന്നു. മനസ്സു തന്നെയാണ് പരമാത്മാവിന്റെ വാസ സ്ഥലം. വേദങ്ങൾ ജ്ഞാനഭണ്ഡാരങ്ങളാണ്. പരിശുദ്ധമായ മനസ്സുള്ള ഒരാൾക്ക് തന്റെ മനസ്സിന്റെ കണ്ണാടിയിൽ ഈശ്വരനേ ദർശിക്കാം. നിരാകാരനായ ഈശ്വരനേ ഭൗതികനേത്രങ്ങൾ കൊണ്ട് ദർശിക്കാൻ സാധ്യമല്ല. എല്ലാതിന്മകളിൽ നിന്നും പാപങ്ങളിൽ നിന്നും മോചിതമായ മനസ്സിന് ഈശ്വരനേ തന്റെ മനസ്സിൽ അനുഭവിച്ചറിയാൻ സാധിക്കും. വികാരരഹിതമായ മനസ്സിൽ മാത്രമേ ഈശ്വര സാക്ഷാത്ക്കാരം നടക്കുകയുള്ളു.

***ചോദ്യം 18 : ഈശ്വരൻ സുലഭനാണോ അതോ ദുർല്ലഭനോ?***

**ഉത്തരം**: ഈശ്വരനേ പോലെ സുലഭമായിട്ടുള്ളത് മറ്റൊന്നില്ല. ഭൗതികനേട്ടങ്ങൾക്കായി മനുഷ്യന് ദേശം, കാലം, പരിസ്ഥിതി, അറിവ് ഇവയെല്ലാം ആവശ്യമാണ്. എന്നാൽ ഈശ്വരകൃപയുണ്ടായാലേ ഇതെല്ലാം സാധിക്കുകയുള്ളു. ഒരു വസ്തു ലഭിക്കുന്നതിന് നാം അതിന്റെ ശരിയായ സ്ഥാനത്ത് എത്തണം. അതിന് ധാരാളം സമയം ആവശ്യമായി വരുന്നു. വിപരീത പരിതസ്ഥിതികളിൽ അലയേണ്ടി വരുന്നു. ഈശ്വരനോടുള്ള ആഗ്രഹവും ഈശ്വരന്റെ അനുഗ്രഹവുമില്ലെങ്കിൽ ഇവയൊന്നും ലഭിക്കുകയില്ല. സർവ്വവ്യാപിയും സർവ്വാന്തര്യാമിയുമായ ഈശ്വരൻ എല്ലാവരുടേയും ഹൃദയങ്ങളിലുമുണ്ട്. എവിടെ ആത്മാവുണ്ടോ അവിടെ പരമാത്മാവുമുണ്ടായിരിക്കും. ഈശ്വരനേ അറിയാൻ ആഗ്രഹിക്കുന്ന ആർക്കും മറ്റൊരിടത്തും ചുററിതിരിയേണ്ട ആവശ്യമില്ല.

*(തുടരും)*

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





(മുൻലക്കത്തിന്റെ തുടർച്ച)

## ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

***അദ്ധ്യായം 2***



**വി**ദ്യാഭ്യാസത്തിൽ പ്രളയം തന്നെയുണ്ടാകണമാദ്യം. 'സമ്യക്' അതായത് സമ്യക് പ്രവർത്തനത്തിൽ നിന്നുണ്ടാകുന്നതാണ് സംസ്കാരം. അത് മാനസികമാണ്. വേഷഭൂഷാഹാരാദികൾ സംസ്കാരമല്ല സഭ്യതയാണ്. കാലദേശാനുസൃതം മാറുന്നതാണത്. സംസ്കാരം സ്ഥിരമാണ്. അതുകൊണ്ട് ഉത്തമ കർമ്മോൽപന്ന സംസ്കാരം വളം ചേർത്ത് വളർത്തലാണ് വിദ്യാദാനം. അതുകൊണ്ടത് മൂല്യാധിഷ്ഠിതം-വൈദികപ്രചോദിതം ആകാഞ്ഞാൽ അശാന്തിയും നാശവുമാണ് തഴച്ചുവളരുക. നാലുചക്രമുള്ള വാഹനത്തിന്റെ ഒരു ചക്രം പഞ്ചറായാൽ പോരെ. പിന്നെ? ഇവിടെ നാലുംപഞ്ചറാണെങ്കിലോ? രണ്ടാമൻ പുച്ഛവും സഹതാപവും അതിശയവും മൂലം കൈകൂട്ടിത്തിരുമ്മി.

"നാലു ചക്രമോ" പുരികം ചോദ്യചിഹ്നമാക്കി ഒന്നാമൻ രണ്ടാമന്റെ നേരെ സാദ്ഭുതം നോക്കി.

"അതേ സാർ" രണ്ടാമനാവേശത്തോടെ വിരലൊരൊന്നായി മടക്കി എണ്ണികൊണ്ട് വിശദീകരിച്ചു. "ഒന്ന്-സർക്കാർ, രണ്ട് ജനം-രക്ഷിതാക്കൾ, മൂന്ന്-അധ്യാപകനാമധാരികൾ, നാല്-എട്ടും പൊട്ടുമറിയാത്ത അഥവാ അറിയണമെന്നില്ലാത്ത അവിദ്യാർത്ഥിസമൂഹം. അങ്ങിനെയുള്ള ചതുശ്ചക്രവാഹനം. ഇപ്പോൾ മനസ്സിലായില്ലേ?"

"യു ആർ എക്സാക്റ്റ്ലി കറക്ട്" അപ്രതീക്ഷിതമായി ഒരു നിധി കിട്ടിയ സന്തോഷാവേശത്തോടെ ഒന്നാമൻ രണ്ടാമന്റെ കൈ പിടിച്ചു കുലുക്കി.

"അതേ! നിങ്ങളും ആ പാശ്ചാത്യ സംസ്കാരത്തിൽ നിന്ന് മുക്തനായിട്ടില്ല. ഇരുനൂറിൽ പരം വർഷങ്ങളായി പാശ്ചാത്യ മേധാവിത്വത്തിന്റെ കൊടിക്കീഴിലാണി പുണ്യഭൂവായരാജ്യ മെന്നു പറയേണ്ടതില്ലല്ലോ. അതിന്റെ സ്വാഭാവികസ്വഭാവമല്ലേ നിങ്ങളിപ്പോൾ കൈപിടിച്ചു കുലുക്കിപ്പറഞ്ഞ വഴുക്കലിൽ വടി ഊന്നിയതുപോലുള്ള സ്ഥാനഭ്രഷ്ടാപഭ്രംശങ്ങൾ?" രണ്ടാമൻ ഒന്നാമന്റെ ഓർമ്മ ഉണർത്തി.

*(തുടരും)*

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)




**ഇ**നി ആരെങ്കിലും വാദിക്കുകയാണ്. എന്തെന്നാൽ, ജൻമനാബ്രാഹ്മണനായ ഒരാൾ തന്റെ സദാചരണങ്ങളെ വെടിഞ്ഞ് യുറോപ്യൻമാരെ പോലെ പ്രവർത്തിക്കാൻ തുടങ്ങിയാൽ അയാളുടെ ബ്രാഹ്മണത്വം എവിടെ പോകുന്നു? ഇതിൽ നിന്നും വ്യക്തമാവുന്നത് ബ്രാഹ്മണത്വമെന്നത് കേവലം ജന്മസിദ്ധമല്ലാ എന്നാണ്. ആചാരസിദ്ധമാണ് എന്നാണ്. ഈ ആര്യവർത്തത്തിൽ വർണ്ണാശ്രമ വ്യവസ്ഥകൾ ഭംഗിയായി നിലനിന്നിരുന്ന കാലത്ത് അത് ഐശ്വര്യപൂർണ്ണവും അഖണ്ഡവുമായിരുന്നു. ഗൃഹസ്ഥാശ്രമത്തിന്റെ അനുഭവം കൂടാതെ സന്യാസം സ്വീകരിക്കരുത് എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അത് തെറ്റാണ്. രോഗമുള്ളവർക്കേ ഔഷധം ആവശ്യമുള്ളു. വിഷയാസക്തിയിലും ഇന്ദ്രിയ ഭോഗേച്ഛയിലും താത്പര്യമില്ലാത്ത ഒരു വ്യക്തിക്ക് പുതിയതായി സന്യാസം സ്വീകരിക്കേണ്ടതില്ല. എന്നാൽ അയാൾ സ്വയം സന്യാസിയാണ്.

ഗാർഗി ലൗകികസുഖാനുഭവങ്ങൾ ഒരിക്കലും അനുഭവിച്ചില്ല. അവർ സദാ ബ്രഹ്മചാരിണിയായിരുന്നു. സന്യാസിമാർക്ക് വലിയ ഗുണങ്ങൾ ധാരാളമുണ്ട്. അവർക്ക് ശരീരം ഒരു ഭാഗം മാത്രമാണ്. മറ്റു കാര്യങ്ങങ്ങളൊന്നുമതിനില്ല. അധർമ്മത്തിൽ നിന്ന് നിവൃത്തിനൽകലും ഉപദേശം നൽകലുമാണയാളുടെ മുഖ്യകർത്തവ്യം. പുത്രോത്പത്തിയില്ലാതെ എങ്ങിനെയാണ് ജന്മം സഫലമാവുക എന്നാരെങ്കിലും ചോദിച്ചാൽ അതിനുത്തരം ഇപ്രകാരമാണ്. പുത്രന്മാർ രണ്ടുതരത്തിലുണ്ട്. വിദ്യയാലും യോനിയാലും. ഇവ രണ്ടിനാലും പുത്രപ്രാപ്തിയുണ്ടാവും.

*ഗരീയാൻ ബ്രഹ്മദഃ പിതാ (മനുസ്മൃതി 2.146)*

മൂഢന്മാരായവർ തെറ്റുകൾ ചെയ്ത് അപകടങ്ങളിൽ പെടുമ്പോൾ അവരേ സദാചാരപ്രവൃത്തിയിലേക്ക് നയിക്കുക എന്നതാണ് ചതുർത്ഥാശ്രമധാരിയായ ജ്ഞാനിയായ പുരുഷന്റെ മുഖ്യജോലി.

**ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)**
**ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ**





പക്ഷെ, ഇന്നു സന്യാസിമാർ ഒരുപാടു പ്രശ്നങ്ങൾ നേരിടുന്നുണ്ട്. സന്യാസിമാർ വനത്തിൽ പോയി താമസിക്കണം, ഒരു ഗ്രാമത്തിൽ മൂന്നുദിവസത്തിലധികം താമസിക്കരുത് എന്നീ കാര്യങ്ങളാണിവ. ഇതംഗീകരിക്കുകയാണെങ്കിൽ സന്യാസിമാർ ആരേയാണ്, എങ്ങിനെയാണ് ഉപദേശിക്കുക? ഒരു ഗ്രാമത്തിൽ നിന്ന് മറ്റൊരു ഗ്രാമത്തിലേക്ക് നെട്ടോട്ടമോടികൊണ്ടേയിരിക്കണമോ? സന്യാസിമാർ തീ സ്പർശിക്കരുത് എന്നും പറയുന്നു. പക്ഷേ, മരണം വരെ തന്റെ ജഢരാഗ്നി എങ്ങിനെ ഉപേക്ഷിക്കും? (എന്തെന്നാൽ അവരിൽ അത് സ്ഥിരമാണ്). 'വിശ്വേശ്വര പദ്ധതി' എന്ന ഗ്രന്ഥത്തിൽ ഈ അനാചാരങ്ങൾ എല്ലാം പറഞ്ഞിട്ടുണ്ട്.

**(തുടരും)**

## ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

### ജീവാത്മാവ്

4. ജീവാത്മാവ് ശരീരധാരണം നടത്തുന്നു. ചിലപ്പോൾ മനുഷ്യരിൽ, മറ്റുചിലപ്പോൾ പശു, കൃമി, കീടാദികളിൽ.
5. ജീവാത്മാവ് എത്തരത്തിലുള്ള കർമ്മങ്ങളാണോ അനുഷ്ഠിക്കുന്നത് അവയുടെ ഫലാനുസാരം അത്തരത്തിലുള്ള ശരീരം ലഭിക്കുന്നു. നല്ല പ്രവൃത്തികൾ ചെയ്താൽ ശ്രേഷ്ഠയോനികളും നീചകർമ്മമനുഷ്ഠിച്ചാൽ നീചയോനികളും ലഭിയ്ക്കുന്നു. ഇതിനെ ജീവന്റെ അവതാരമെന്നു വേണമെങ്കിൽ പറയാം. അവതാരം ജീവനുമാത്രമേയുള്ളു. ഈശ്വരനില്ല.
6. നല്ല കർമ്മാനുഷ്ഠാനങ്ങൾ വഴി ജീവാത്മാവിന് ഏറ്റവും ഉന്നതമായ മോക്ഷം ലഭിക്കുന്നു. ശരീരബന്ധത്തിൽ നിന്ന് വിടുതൽ നേടി ഈശ്വരീയ ആനന്ദത്തിൽ മഗ്നനായി തീരുന്നു.
7. മോക്ഷകാലം ഒരു പരാന്തകാലം അഥവാ 31 കോടി 10 ലക്ഷത്തി 4000 കോടി വർഷങ്ങളാണ്. ഇതിനുശേഷം ജീവാത്മാവ് മോക്ഷത്തിൽ നിന്ന് മടങ്ങിവന്ന് ഉത്തമരായ ഋഷിമാരുടെ ശരീരധാരണം നടത്തുന്നു. ഈ ശരീരത്തിൽ തുടർന്നും നല്ല കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ വീണ്ടും മോക്ഷം ലഭിക്കുന്നതാണ്. മോശം കാര്യങ്ങളാണ് അനുഷ്ഠിക്കുന്നതെങ്കിൽ നീചയോനികളുടെ ചക്രം ആരംഭിക്കും.

(തുടരും)

**ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും**

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർ ദളം – ബാലപംക്തി

ആര്യവീരഗാഥ – 1

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*

## സ്വാമി ദയാനന്ദ സരസ്വതി



നർമ്മദാതടത്തിലുള്ള ചാനോദ-കല്ല്യാണി എന്ന സ്ഥലത്ത് പരമാനന്ദ പരമഹംസനിൽ നിന്ന് വേദാന്തസാരം അധ്യയനം ചെയ്യുന്നതിനിടക്ക് ഭക്ഷണം ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങളിൽ വളരെയധികം സമയം നഷ്ടപ്പെടുന്നതായി ശുദ്ധചൈതന്യന് തോന്നി. ഇതിനുപുറമെ സന്യാസാശ്രമത്തിൽ പ്രവേശിച്ചാൽ ജ്ഞാനപ്രാപ്തിക്ക് വളരെയധികം ഗുണവുമുണ്ട്. ഈ വിചാരം ഉള്ളിൽ വെച്ചിരുന്ന അദ്ദേഹം പണ്ഡിതനും വീതരാഗസന്യാസിയുമായ സ്വാമി പൂർണ്ണാനന്ദ സരസ്വതിയിൽ നിന്ന് സന്യാസം സ്വീകരിച്ചു. അങ്ങിനെ ശുദ്ധചൈതന്യനിൽ നിന്ന് സ്വാമി ദയാനന്ദസരസ്വതിയായി തീർന്നു. യുവാവായ അദ്ദേഹത്തിന് സന്യാസം നൽകുന്നതിൽ പൂർണ്ണാനന്ദ സരസ്വതിക്ക് അൽപ്പം മടിയുണ്ടായിരുന്നെങ്കിലും ശുദ്ധചൈതന്യന്റെ ദൃഢസങ്കൽപ്പത്തിനു മുന്നിൽ അദ്ദേഹമത് സന്തോഷപൂർവ്വം നൽകി.

സ്വാമി ദയാനന്ദന്റെ സന്യാസാശ്രമത്തേകുറിച്ച് പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാനാവില്ല. ഭാരതവർഷത്തിൽ ലക്ഷകണക്കിന് സന്യാസികളുണ്ടായിട്ടുണ്ട്. ഇപ്പോഴുമുണ്ടായികൊണ്ടിരിക്കുന്നുണ്ട്. ഇവരിൽ പലരും ജോലി എടുക്കാൻ മടിപിടിച്ച് കേവലം ഉദരപൂരണത്തിനായി സന്യാസവേഷം സ്വീകരിച്ചവരാണ്. സന്യാസാശ്രമത്തിന് വിരുദ്ധമായ ആചരണങ്ങൾ പ്രതിദിനം ചെയ്യുകയും ഗൃഹസ്ഥികളായി തുടരുകയും ചെയ്യുന്നവരും ധാരാളമുണ്ട്. അത്തരം കള്ള സന്യാസിമാരാൽ ഭാരതത്തിന് ഒരുപാട് കഷ്ടതകൾ വന്നിട്ടുണ്ട്. എന്നാൽ സ്വാമി ദയാനന്ദൻ ഇവരിൽ നിന്നെല്ലാം വളരെ വ്യത്യസ്ഥനായിരുന്നു. കഷ്ടം സഹിക്കുന്നതിൽ നിന്നും ഒരിക്കലുമദ്ദേഹം മുഖം തിരിച്ചില്ല. ധർമ്മപരിപാലനത്തിന് കഠോരമായ വിധത്തിൽ പ്രവർത്തിച്ചു. സന്യാസാശ്രമത്തിന്റെ ഏറ്റവും ഉന്നതമായ ആദർശവും ഗരിമയും അദ്ദേഹം ലോകത്തിനുമുന്നിൽ വെച്ചു. യഥാർത്ഥ സന്യാസി ലോകത്തിന് എത്ര ഉപയോഗിയും ജഗത്തിന് എത്രകണ്ട് ആവശ്യമുള്ളവനുമാണെന്ന് അദ്ദേഹത്തിന്റെ തുടർന്നുള്ള ജീവിതകഥയിൽ നിന്ന് നമുക്ക് വ്യക്തമാവും.

*(തുടരും)*

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*





## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

### വൈദിക ഗുരുകുലം ഉദ്ഘാടനം ചെയ്തു



വെള്ളിനേഴി: ആര്യസമാജത്തിന്റെ നേതൃത്വത്തിൽ വെള്ളിനേഴിയിൽ 'പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുൽ മഹാവിദ്യാലയ്' എന്ന വൈദിക ഗുരുകുലം ജൂൺ 8 ന് സ്വാമി പ്രണവാനന്ദ സരസ്വതി ഉദ്ഘാടനം ചെയ്തു. ശ്രീമദ് ദയാനന്ദ് വേദാർഷ മഹാവിദ്യാലയ ന്യാസിന്റെ 8-ാം മത്തെ ശാഖയായ ഗുരുകുലത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന ആര്യധ്വജാരാഹോണം സാർവ്വദേശിക് ആര്യപ്രതിനിധി സഭയുടെ ഉപപ്രധാൻ ബ്രഹ്മചാരി ധരംപാൽജി നിർവ്വഹിച്ചു. പ്രശസ്ത സംസ്കൃതപണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനും ഗുരുകുലത്തിന്റെ രക്ഷാധികാരിയും കൂടിയായ ഡോ. പി.കെ മാധവന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടനയോഗത്തിൽ അജ്മേർ ഋഷിഉദ്യാനിലെ വാനപ്രസ്ഥി ബലേശ്വർ മുനി, സാർവ്വദേശിക് ആര്യപ്രതിനിധിസഭയുടെ ഉപമന്ത്രി ശ്രി. വിനയ് ആര്യ, പ്രമുഖ ആര്യസമാജപ്രവർത്തകനും എം.ഡി.എച്ച്. മസാല ഗ്രൂപ്പിന്റെ പ്രിതിനിധിയുമായ ശ്രീ. പ്രേംകുമാർ അറോറ, പ്രൊ. സരോജിനി ശങ്കർ, ശ്രീ. വിവേക് ഷേണായി, വാനപ്രസ്ഥി ശ്രീധരമുനി, പെരുമ്പള്ളി കേശവൻ നമ്പൂതിരി എന്നിവരും ഗുരുകുലത്തിൽ പ്രവേശനം ലഭിച്ച ബ്രഹ്മചാരികളുടെ രക്ഷാകർത്താക്കളും സംസാരിച്ചു. ഗുരുകുലം രജിസ്ട്രാർ ശ്രീ. കെ.എം. രാജൻ സ്വാഗതവും ഡയറക്ടർ ശ്രീ. വി. ഗോവിന്ദദാസ് നന്ദിയും പറഞ്ഞു.

◉

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*